പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2106 — 18/06/2013 ൽ മറുപടിയ്ക്ക്

## കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |

(എ) എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതികൾക്ക് ചെലവഴിച്ച തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) 13 ജില്ലകളിൽ പൊതു കക്കൂസ് മാലിന്യ നിർമ്മാർജ്ജന സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികളാണ് എടുത്തുവരുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ കേരള സുസ്ഥിര നഗര വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന, മാലിന്യസംസ്കരണ പ്ലാന്റിനോടൊപ്പം കക്കൂസ് മാലിന്യവും സംസ്കരിക്കത്തക്ക രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തിരുവനന്തപുരത്തെ പ്ലാന്റ് 2013 ജൂൺ 30 തോടുകൂടി പ്രവർത്തനക്ഷമമാകുന്നതാണ്. മറ്റുള്ളവയുടെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സെപ്റ്റേജ് മാത്രം സംസ്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി എടുത്ത് വരുന്നത്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് 5 ജില്ലകളിൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4 സ്ഥലങ്ങളിൽ കോട്ടയം (വൈക്കം), ആലപ്പുഴ, കണ്ണൂർ, വയനാട് (കൽപ്പറ്റ) എന്നിവിടങ്ങളിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടെ സ്ഥലം ഉപയോഗപ്പെടുത്താനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. പ്ലാന്റുകൾ സ്ഥാപിക്കാനായി തുകയൊന്നും ഇതുവരെ ചെലവാക്കിയിട്ടില്ല.

(സി) മാലിന്യങ്ങൾ പുഴകളിലും റോഡുകളിലും നിക്ഷേപിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിന്റെ 2011 ൽ വന്നിട്ടുള്ള ഭേദഗതി പ്രകാരം ഖരമാലിന്യങ്ങൾ സെപ്റ്റേജ് ഉൾപ്പെടെ, ഓടയിലേക്കും ജലാശയങ്ങളിലേക്കും നിർമ്മാർജ്ജനം ചെയ്യുന്നത് നിരോധിക്കുകയും അത്തരത്തിൽ മലിനീകരണം ഉണ്ടാക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനും ജാമ്യമില്ലാ കുറ്റമായി മേൽ നടപടി സ്വീകരിക്കാനുമാണ് നിയമം അനുശാസിക്കുന്നത്. കക്കൂസ് മലിന്യം പുഴകളിലും റോഡുകളിലും നിക്ഷേപിക്കുന്നതിനെതിരെ മലിനീകരണ

നിയന്ത്രണ ബോർഡിൽ നിന്നും പത്രങ്ങളിലൂടെ പൊതുജന ശ്രദ്ധാർത്ഥം പരസ്യം നൽകിവരുന്നു. പ്രാദേശിക തലത്തിൽ സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണം പൊതുജനാരോഗ്യത്തിനും മനുഷ്യജീവനും ഭീഷണിയാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലും ഉടനടി നടപടി സ്വീകരിക്കാനുതകുന്ന അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിൽ പരിസ്ഥിതി വകുപ്പിനു നേരിട്ട് സമർപ്പിക്കാനായി അതാതു സംഗതിയിൽ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർ, പ്രാഥമിക ആരോഗ്യകേന്ദ്രം/സാമൂഹ്യ ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർമാർ, നഗരപ്രദേശങ്ങളിൽ ഹെൽത്ത് ഓഫീസർമാർ, പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ള പരിസ്ഥിതി ശോഷണം ഒഴിവാക്കുന്നതിനായി ജൈവവൈവിധ്യ പരിപാലന സമിതികളെ (BMC) മേൽനോട്ടത്തിനായി പ്രത്യേകമായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ